കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കോ ലഭിക്കാനുള്ള ബാധ്യതകളാണ് കമ്മീഷന്റെ അധികാര പരിധിയിൽ വരുന്നത്. 2011-ൽ വയനാട് ജില്ലയിൽ കർഷക ആത്മഹത്യ ഉടർച്ചയായി റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് വയനാട് ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾകൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കടാശ്വാസ കമ്മിഷന്റെ പ്രവർത്തനം കൃഷി പ്രോത്സാഹിപ്പിക്കാൻ സഹായകരമാണ് എന്നാൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നത് കമ്മീഷന്റെ അധികാര പരിധിയിൽ വരുന്നില്ല.

(സി) കാർഷികാനുബന്ധ വാണിജ്യാവശ്യങ്ങൾക്കൊഴികെയുള്ള വാണിജ്യാവശ്യങ്ങൾക്കോ ആഡംബരത്തിനോ വേണ്ടി വാങ്ങിയതൊഴികെയുള്ള ഏതൊരു കൃഷിയും 2006-ലെ കേരള കടാശ്വാസ കമ്മീഷൻ ആക്ടിലെ കടം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതിനാൽ അവ കടാശ്വാസത്തിനായി പരിഗണിക്കുന്നുണ്ട്.

(ഡി) കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം കാർഷിക കടം പൂർണ്ണമായി എഴുതിത്തള്ളുന്നില്ല ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി കടാശ്വാസം നൽകുകയാണ് ചെയ്യുന്നത്. 4 ഹെക്ടറിൽ കവിയാത്ത കൃഷി ഭൂമി കൈവശം വച്ചിരിക്കുകയും 2 ലക്ഷം രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ളയും കൃഷി പ്രധാന ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളയുമായ ഒരാൾക്കാണ് ആക്ട് പ്രകാരം കടാശ്വാസത്തിന് അർഹതയുള്ളത്.

തൊഴിലുറപ്പ് പദ്ധതിയിലെ കൂലി കുടിശ്ശിക

10 (*130) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ കൂലി കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കൂലി കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം തൊഴിൽ ദിനങ്ങൾ കുറയുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ഉണ്ട്. 10-3-2015-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്ത തൊഴിലാളികൾക്ക് കൂലിയിനത്തിൽ 108 കോടി 8 ലക്ഷം രൂപ കുടിശ്ശിക വന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്വീകരിച്ചുവരുന്നു.

(സി) ഉത്പാദനക്ഷമമായ ഈടുറ്റ ആസ്തികളുടെ നിർമ്മിതിക്ക് ഊന്നൽ നൽകി മുൻകാലങ്ങളിൽ ഏറ്റെടുത്തിരുന്ന പ്രകടമല്ലാത്തതും ആവർത്തന സ്വഭാവമുള്ളതുമായ പ്രവൃത്തികൾ 3-1-2014-ലെ നിയമനിർദ്ദേശപ്രകാരം കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുണ്ട്. ഇത് ശ്രദ്ധാപൂർവ്വം പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതിന് കാരണമായിട്ടുണ്ട്. ഇക്കാരണങ്ങൾ കൊണ്ടും കഴിഞ്ഞ സാമ്പത്തിക വർഷം അന്തിമ പാദത്തിൽ കേന്ദ്ര ഫണ്ട് ലഭിക്കാൻ വൈകിയതുമൂലം വേതന വിതരണത്തിൽ കാലതാമസം നേരിട്ടതു കാരണവും നിലവിൽ പദ്ധതിയിൽ സജീവമായ അനിവാര്യതയുള്ള കുടുംബങ്ങൾ മാത്രമേ തൊഴിൽ ദിനങ്ങൾ ആവശ്യപ്പെടുന്നുള്ളൂ.

(ഡി) അനുബന്ധമായി ചേർക്കുന്നു.*

വഴിവാണിഭം

11 (T123) ശ്രീമതി ജമീല പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിവാണിഭം സംബന്ധിച്ച് സുപ്രീംകോടതിയുടെ 1989-ലെ വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly